## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2531 | 12-03-2020-ൽ മറുപടിക്ക്

### അസംഘടിത മേഖലയിലെ തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എ) കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അസംഘടിത തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1,02,298 |
| 2 | കൊല്ലം | 32,358 |
| 3 | പത്തനംതിട്ട | 32.324 |
| 4 | ആലപ്പുഴ | 54,414 |
| 5 | കോട്ടയം | 13,765 |
| 6 | ഇടുക്കി | 6,925 |
| 7 | എറണാകുളം | 24,142 |
| 8 | തൃശ്ശൂർ | 56,971 |
| 9 | പാലക്കാട് | 25,403 |
| 10 | മലപ്പുറം | 23,571 |
| 11 | കോഴിക്കോട് | 37,515 |
| 12 | വയനാട് | 7,642 |
| 13 | കണ്ണൂർ | 20,792 |
| 14 | കാസർഗോഡ് | 5,027 |
| | ആകെ | 4,43,147 |

(ബി) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർ തൊഴിലിടങ്ങളിൽ ചൂഷണം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(ബി)** ഉണ്ട്. എറണാകുളം ജില്ലയിൽ 12 കേസുകൾ ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ളതും പരാതികൾ പരിഹരിച്ചിട്ടു ള്ളതുമാണ്. തൃശ്ശൂർ ജില്ലയിൽ രണ്ടു പ്രോസിക്യൂഷൻ കേസുകളും ഒരു ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.പ്രോസിക്യൂഷൻ കേസുകൾ കോടതിയുടെ പരിഗണനയിലാണ്. ക്ലെയിം പെറ്റീഷനിൽ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു ജില്ലകളിലൊന്നും ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല .

**(സി)** പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ന്യായമായ കൂലി ഉറപ്പാക്കുന്നതിനും തൊഴിൽ സമയം നിജപ്പെടുത്തുന്നതിനും മറ്റ് പീഡനങ്ങൾ അനുഭവിക്കാതിരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**(സി)** തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും മറ്റു തൊഴിലിടങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചു വരുന്ന കോൾ സെന്ററുമായും (155214/180042555214) ബന്ധപ്പെടാവുന്നതാണ്. തൊഴിലാളികൾക്കുള്ള പരാതികളും ബുദ്ധിമുട്ടുകളും രാവിലെ ഏഴു മണി മുതൽ വൈകുന്നേരം ഏഴു മണി വരെയുള്ള സമയത്ത് കോൾ സെന്റർ മുഖേന വിളിച്ച് പരിഹാരം കാണാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**